**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/5148/2024-TP4 തീയതി :**25-09-2024**

# <u>സർക്കുലർ</u>

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2024-25- സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) വാർഷിക പദ്ധതി 2024-25

2) കൃഷി (ഇ ബി) വകുപ്പിന്റെ 15/06/2024-ലെ (സാധാ) നം. 539/2024/കൃഷി സർക്കാർ ഉത്തരവ്.

സൂചന(1) വാർഷിക പദ്ധതി പ്രകാരം കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിക്ക് 2401-00-109-80 പ്ലാൻ ശീർഷകത്തിൽ 2503.00 ലക്ഷം രൂപ ബജറ്റ് വിഹിതം നീക്കിവെച്ചിട്ടുണ്ട്. സൂചന(2) സർക്കാർ ഉത്തരവ് പ്രകാരം "കാർഷിക വിജാഞാന വ്യാപനം ശക്തിപ്പെടുത്തൽ" എന്ന പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം 2503.00ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളതിൽ "അഗ്രോ-ക്ലിനിക്കുകളും സോഷ്യൽ ഓഡിറ്റും" എന്ന ഘടകത്തിന് 8.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 2022-23 സാമ്പത്തിക വർഷം മുതൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കി വരുന്നു. 2024-25സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിൽ നിന്നും 5 കൃഷി ഭവൻ വീതം തിരഞ്ഞെടുത്ത് 14 ജില്ലകളിലായി 70 കൃഷി ഭവനുകളിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ ലക്ഷ്യമിടുന്നു.

**അഗ്രോക്ലിനിക്**

മുൻ വർഷങ്ങളിൽ സംസ്ഥാനത്തു നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ ,വിജ്ഞാന വ്യാപനത്തിന് കൃഷിഉദ്യോഗസ്ഥർ സമയം കണ്ടെത്തുന്നില്ല എന്ന് പരാമർശിക്കുകയുണ്ടായി . ഇതു പരിഹരിക്കുന്നതിനായി **സംസ്ഥാനത്തെ എല്ലാകൃഷിഭവനുകളിലും** അഗ്രോക്ലിനിക്കുകൾപ്രവർത്തന സജ്ജമാക്കേണ്ടതാണ്. കാർഷിക വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി അഗ്രോക്ലിനിക്കുകൾ വാർഡുകൾ തോറും സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി പൊതുജനങ്ങൾക്ക് എത്തിച്ചേരാവുന്ന വക കെട്ടിടങ്ങളോ ഗ്രന്ഥശാലകളോ പ്രധാന കർഷകരുടെ കൃഷിയിടങ്ങളൊ കണ്ടെത്തേണ്ടതാണ് . കൃഷിഭവൻ നടപ്പിലാക്കുന്ന പദ്ധതികൾ പരിശീലനപരിപാടികൾ സാങ്കേതിക വിദ്യകളുടെ അറിവുകൾ കീടരോഗ ബാധയും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ കർഷകരുടെ പരാതികൾക്കു പരിഹാരം കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ അഗ്രോക്ലിനിക്കുകൾ വഴി സംഘടിപ്പിക്കാവുന്നതാണ്.

ഓരോ കൃഷിഅസ്സിസ്റ്റന്റും തങ്ങൾക്കു അനുവദിച്ചു നൽകിയിട്ടുള്ള വാർഡുകളിൽ ആഴ്ചയിൽ ഒരു തവണ അഗ്രോക്ലിനിക് സംഘടിപ്പിക്കണം. അഗ്രോക്ലിനിക്ക് സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം കൃഷി അസിസ്റ്റൻ്റമാർക്ക് കൃഷി ഓഫിസർമാർ നൽകേണ്ടതാണ് . അഗ്രോക്ലിനിക്കുകളിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ സംബന്ധിച്ച കൃഷി അസിസ്റ്റൻ്റമാർ കൃഷി ഓഫീസറുമായി ആലോചിക്കേണ്ടതും അവരുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കേണ്ടതുമാണ് . അഗ്രോ ക്ലിനിക്കുകളുടെ നടത്തിപ്പ് സംബന്ധമായി കൃഷി അസിസ്റ്റന്റുമാരുടെ വർക്ക് ഡയറിയിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാകേണ്ടതുമാണ്

കൃഷി ഓഫിസർമാർ എല്ലാ അഗ്രോക്ലിനിക്കുകളിലും മാസത്തിൽ ഒരുതവണയെങ്കിലും സന്ദർശിക്കേണ്ടതാണ്. പഞ്ചായത്തിൽ അഗ്രോക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനെ കുറിച്ച് വ്യാപകമായ പ്രചരണം കർഷകർക്കിടയിൽ നൽകേണ്ടതും അഗ്രോക്ലിനിക്കുകളുടെ നടത്തിപ്പ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് കൃഷിഡയറക്ടർക്കു പ്രിൻസിപ്പൽ കൃഷി ഓഫിസർമാർ നൽകേണ്ടതുമാണ്

**സോഷ്യൽ ഓഡിറ്റ്**

കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ കൂടുതൽ സുതാര്യമാക്കി, വകുപ്പിന്റെ പ്രവർത്തനങ്ങളെ പൊതുജനങ്ങളിലേക്ക് എത്തിക്കുകയാണ് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ കാർഷിക മേഖലയുടെ നിലനിൽപ്പിനും പുരോഗതിക്കും പിൻബലം നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് കൃഷി ഭവനുകൾ. കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ പരിശോധിക്കാനുള്ള അവസരവും, വകുപ്പിന്റെ പ്രവർത്തനങ്ങളെ ഒരു ഗുണഭോക്താവിന്റെ ഭാഗത്ത് നിന്ന് നോക്കിക്കാണുന്നതിനും പ്രവർത്തനങ്ങളെ കൂടുതൽ കർഷക സൗഹൃദമാക്കി എങ്ങനെ മാറ്റാമെന്ന നിർദ്ദേശം നൽകുന്നതിനും സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിലൂടെ കഴിയും.

സോഷ്യൽ ഓഡിറ്റിംഗ് കൃഷിവകുപ്പിന്റെ പ്രകടനം, പ്രവർത്തന മികവ് അതിന്റെ പ്രഖ്യാപിത അടിസ്ഥാന മൂല്യങ്ങൾ, നല്ല ഭരണ തത്വങ്ങളിലൂടെ ഉണ്ടാക്കിയ നേട്ടങ്ങൾ എന്നിവ പരിശോധിക്കുവാൻ കഴിയുന്ന ഒരു തിരുത്തൽ സംവിധാനമാണ്. കൃഷി ഭവൻ സംവിധാനങ്ങളുടെ സുതാര്യത ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് കർഷകർ/പൊതുജനങ്ങൾക്ക് അവകാശം നൽകുകയാണ് സോഷ്യൽ ഓഡിറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്.

**<u>സോഷ്യൽ ഓഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ</u>**

- കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ജനകീയത കൊണ്ട് വരുക.
- കൃഷി ഭവനുകളെ ജനസൗഹൃദയിടങ്ങളാക്കുക.
- കൃഷിക്കാരോടുള്ള ഉദ്യോഗസ്ഥരുടെ ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കുക.
- സദ്ഭരണവും ഉത്തരവാദിത്ത ബോധവും വകുപ്പിലെ ഉദ്യോഗസ്ഥരിൽ ഉണ്ടാക്കുക.
- കർഷകരുടെ അവകാശങ്ങളെ കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- കർഷകരുടെ അവകാശങ്ങളെ സംരക്ഷിക്കുക.
- ഗുണഭോക്താക്കളുടെ വിവരം എല്ലാവരിലുമെത്തിക്കുക.
- അഴിമതിയും കാര്യക്ഷമതയില്ലായ്മയും ഉൻമൂലനം ചെയ്യുക.
- കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രൊഫഷണലിസം പരമാവധി ഉപയോഗിക്കുക.
- കൃഷി ഭവനുകളെ കർഷക ക്ഷേമ ഭവനുകളാക്കുക.
- കൃഷിവകുപ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുകയും ആയത് ലക്ഷ്യത്തിൽ എത്തിയോ എന്ന് ഉറപ്പ് വരുത്തുകയും കാർഷികമേഖലയിൽ അത്കൊണ്ട് എത്ര മാത്രം ഗുണം കിട്ടിയെന്നും വിലയിരുത്തുകയും ചെയ്യുക.
- കർഷകരും കൃഷി ഓഫീസർമാരും ഒരുമിച്ച് പ്രവർത്തിച്ച് കൃഷി ഭവന്റെ സേവനം ഉറപ്പ് വരുത്തുക.
- നടപ്പിലാക്കിവരുന്ന പദ്ധതികളിൽ കാലോചിതമായ മാറ്റംകൊണ്ടുവരണോ എന്ന് പരിശോധിക്കുക.

**സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കേണ്ട സ്ഥാപനങ്ങൾ**

എല്ലാ ജില്ലകളിലും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കേണ്ട കൃഷി ഭവനുകളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും അത് ഡയറക്ടറേറ്റിലേക്ക് അറിയിക്കേണ്ടതുമാണ്.

**സോഷ്യൽ ഓഡിറ്റ് ടീം ഘടന**

സോഷ്യൽ ഓഡിറ്റ് നടത്തുന്ന കൃഷിഭവൻ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കണം. ഇതിനുള്ള ചുമതല ബ്ലോക്ക് പഞ്ചായത്തിനായിരിക്കും.

കൃഷി, വികസനം, ഭരണം തുടങ്ങിയ വിവിധ മേഖലകളിൽ മതിയായ അറിവും അനുഭവപരിചയവുമുള്ള 8

വിദഗ്ധരെ ഉൾപ്പെടുത്തി കോർ കമ്മിറ്റി/വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.

1. കൃഷി വകുപ്പിൽ നിന്നും വിരമിച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ കുറയാത്ത ഉദ്യോഗസ്ഥൻ.
2. പദ്ധതികളുടെയും/പ്രോജക്ടുകളുടെയും ഗുണഭോക്താക്കളുടെ ഒരു പ്രതിനിധി .
3. വനിതകൾ, പട്ടിക ജാതി, പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങളിൽ നിന്നും ഓരോ പ്രതിനിധികൾ.
4. കാർഷിക മേഖലയിൽ നിന്നുള്ള മൂന്ന് കർഷക പ്രതിനിധികൾ.
5. പ്രിൻസിപ്പൽ ഓഫീസറുടെ ഉത്തരവ് മുഖേനയാണ് കോർ ടീം രൂപീകരിക്കേണ്ടത്. പ്രസ്തുത ടീമിന് ഭരണപരമായ സഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

**കോർ ടീം/സോഷ്യൽ ഓഡിറ്റ് ടീം - പ്രധാന പ്രവർത്തനങ്ങൾ**

- കൃഷി ഭവനിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കൽ(അനുബന്ധം - I)
- കർഷകർ മറ്റ് ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും കൃഷി ഭവന്റെ പ്രവർ ത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ(അനുബന്ധം - II)
- കൃഷിഭവന്റെ പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഗ്രൂപ്പ് ചർച്ച സംഘടിപ്പിക്കൽ.
- വിവരശേഖരണത്തിന്റെയും ഗ്രൂപ്പ് ചർച്ചയുടെയും അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കൽ.
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കൽ.

**സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കൃഷി ഭവനുകളുടെ പ്രധാന പ്രവർത്തനങ്ങൾ/സേവനങ്ങൾ**

1. ഒരു ഗ്രാമപഞ്ചായത്തിലെ കാർഷിക വികസനത്തിന്റെയും കർഷക സമൂഹത്തിന്റെയും സ്ഥിതിയെക്കുറിച്ച് വ്യത്യസ്ത തരത്തിലുള്ള വിവരങ്ങൾ നൽകുക, കൃഷി ഭവനുകൾ വിളകളുടെ സ്ഥിതിവിവരക്കണക്കുകൾ, അതായ കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, കാലാവസ്ഥാ പ്രവണതകൾ, പദ്ധതികൾ, ക്രെഡിറ്റ് ഏജൻസികൾ, ഇൻപുട്ട് ഏജൻസികൾ, മാർക്കറ്റിംഗ് ചാനലുകൾ, മൂല്യവർദ്ധന എന്നിവയുടെ വിവരം നൽകുക.
2. കർഷകരുടെ പങ്കാളിത്തവും വികസനവും നടപ്പാക്കുന്നതിലെ സുതാര്യതയും കൃഷി ഭവനുകളുടെ പ്രോഗ്രാമുകൾ/സേവനങ്ങൾ വികസന പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും, തീരുമാനങ്ങൾ എടുക്കുന്നതിലും പങ്കാളികളായ കർഷകരെയും സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരെ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
3. കൃഷി ഭവന്റെ ഭരണം/കാര്യക്ഷമത.
4. പ്രാദേശികതല വികസന പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും.
5. സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കൽ.
6. കാർഷിക വിജ്ഞാന വ്യാപനവും പുതിയ സാങ്കേതികവിദ്യകളുടെ കൈമാറ്റവും.
7. ഭൂവിനിയോഗത്തിന്റെ സാക്ഷ്യപ്പെടുത്തലും ഉൽപ്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കലും പോലുള്ള പൊതുവായ അവശ്യ സേവനങ്ങൾ.
8. കർഷകരുടെ സാമൂഹിക സുരക്ഷ.
9. സാമൂഹിക മൂലധനത്തിന്റെ രൂപീകരണം.
10. കർഷക യന്ത്രവൽക്കരണം.
11. പരാതിപരിഹാരം.

**സോഷ്യൽ ഓഡിറ്റ് - ഉദ്യോഗസ്ഥർ നിർവഹിക്കേണ്ട ചുമതലകൾ**

- സോഷ്യൽ ഓഡിറ്റ് പൊതുജന പങ്കാളിത്തം ആവശ്യപ്പെടുന്നതിനാൽ കൃഷി ഭവനുകൾ ഗ്രാമപഞ്ചായത്തിലുടനീളം സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങളെയും നേട്ടങ്ങളെയും കുറിച്ച് പൊതു അവബോധം സൃഷ്ടിക്കേണ്ടതാണ്.

- സോഷ്യൽ ഓഡിറ്റ് ടീമിന്റെ ഘടന, സോഷ്യൽ ഓഡിറ്റിന് കീഴിൽ വരുന്ന കൃഷി ഭവന്റെ പ്രവർത്തനങ്ങൾ, കൂടാതെ ഓഡിറ്റിന് ആവശ്യമായ റിപ്പോർട്ടുകളും രജിസ്റ്ററുകളും കൃഷി ഭവനുകൾ ലഭ്യമാക്കേണ്ടതാണ്.
- സോഷ്യൽ ഓഡിറ്റിന്റെ ജില്ലാതല ചുമതല അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കായിരിക്കും.
- കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ അതാത് ബ്ലോക്കിലെ പഞ്ചായത്ത് ഭരണ സമിതിയുമായി കൂടി ആലോചിച്ച് ഗ്രാമ പഞ്ചായത്തിലേക്ക് ആവശ്യമായ സോഷ്യൽ ഓഡിറ്റ് ടീം/കോർ ടീമിന്റെയും കരട് ലിസ്റ്റ് തയ്യാറാക്കി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകണം.
- കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ നൽകുന്ന കരട് ലിസ്റ്റ് ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ പരിശോധിച്ച് അന്തിമ ലിസ്റ്റ് അംഗീകരിച്ച് നൽകണം.
- സോഷ്യൽ ഓഡിറ്റ് ടീം രണ്ട് മാസത്തിനുള്ളിൽ വിവരശേഖരണം, ഗ്രൂപ്പ് ചർച്ച എന്നിവ നടത്തി ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് തയ്യാറാക്കി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകണം.
- സോഷ്യൽ ഓഡിറ്റ് നടത്താനുള്ള തീരുമാനം ഗ്രാമപഞ്ചായത്തിന്റെ ഒരു എക്സിക്യൂട്ടീവ് ഓർഡർ മുഖേന എടുക്കേണ്ടതാണ്.
- **വിവരശേഖരണം**

- അനുബന്ധം I, II, III, IV പ്രകാരം വിവരശേഖരണം നടത്തേണ്ടതാണ്.
- അനുബന്ധം I-ലെ വിവരങ്ങൾ കൃഷി ഭവനിൽ നിന്നും നേരിട്ട് സ്വീകരിക്കേണ്ടതാണ്.
- അനുബന്ധം II-ലെ വിവരങ്ങൾ ഗുണഭോക്താക്കൾ, കർഷകർ സമിതികൾ, കൃഷി ഭവൻ ഉദ്യോഗസ്ഥർ, മറ്റുള്ളവർ തുടങ്ങിയവരിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതാണ്.
- അനുബന്ധം III ഭാഗം 1-ലെ വിവരങ്ങൾ കൃഷി ഭവനിലെ വിവിധ രേഖകൾ, രജിസ്റ്റർ, റിപ്പോർട്ടുകൾ എന്നിവയിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതാണ്.
- അനുബന്ധം III ഭാഗം II-ലെ വിവരങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കൾ/കർഷക സമിതികൾ തുടങ്ങിയവരിൽ നിന്നും നേരിട്ട് ശേഖരിക്കേണ്ടതാണ്.
- അനുബന്ധം IV പ്രകാരം ഫോക്കസ് ഗ്രൂപ്പ്/പൊതു സംവിധാനം വഴിയുള്ള വിലയിരുത്തൽ നടത്തേണ്ടതാണ്.

**വിശകലനം**

വിവിധ സ്രോതസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ലളിതമായ മാർഗ്ഗങ്ങളിലൂടെ വിശകലനം ചെയ്യേണ്ടതാണ്(ഇതിനായി ശതമാനം, റാങ്കിങ് എന്നിവ ഉപയോഗിക്കാവുന്നതാണ്).

**ഓഡിറ്റ് റിപ്പോർട്ട് ചുവടെ പറയുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.**

ആമുഖം - കൃഷി ഭവന്റെ സോഷ്യൽ ഓഡിറ്റിനെ സംബന്ധിച്ച ചെറുവിവരണം.

1. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തനങ്ങളും, സേവനങ്ങളും.
2. ഓരോ സേവനങ്ങളുടെയും വിലയിരുത്തൽ താഴെ പറയുന്ന പ്രകാരം

a) കാർഷിക മേഖലയെ കുറിച്ചും, കർഷക സമൂഹത്തെകുറിച്ചുമുള്ള വിവരങ്ങളുടെ ലഭ്യത.
b) കൃഷി ഭവനിലെ പദ്ധതി നടത്തിപ്പിൽ കർഷക പങ്കാളിത്തവും സുതാര്യതയും.
c) കൃഷി ഭവന്റെ ഭരണ നിർവ്വഹണം.
d) പ്രാദേശികമായ പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും
e) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്.
f) വിജ്ഞാന വ്യാപനവും നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗവും.
g) ഭൂവിനിയോഗത്തിന്റെ സാക്ഷ്യപ്പെടുത്തലും, ഉൽപ്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കലും
h) കർഷകരുടെ സാമൂഹ്യ സുരക്ഷ.
I) സാമൂഹിക മൂലധനത്തിന്റെ രൂപീകരണം.
j) കാർഷിക യന്ത്രവൽക്കരണം.

k) പരാതി പരിഹാരം
l) കൃഷി ഭവന്റെ പ്രധാന നേട്ടങ്ങൾ
m) കൃഷി ഭവന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങളും അവാർഡുകളും
n) കൃഷി ഭവന്റെ നടത്തിപ്പുമായി നേരിടുന്ന പ്രശ്നങ്ങൾ
o) ഓഡിറ്റ് ടീം കണ്ടെത്തിയ വീഴ്ചകളും, പാളിച്ചകളും
p) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
q) തുടർ നടപടികൾക്കുള്ള സംവിധാനം
r) ഭാവി പ്രവർത്തനങ്ങളെ കുറിച്ചുള്ള നിർദ്ദേശം.

**സാമ്പത്തിക വിശകലനം**

| ക്രമ നം. | ഘടകം | ഒരു കൃഷിഭവന് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ തുക(ലക്ഷത്തിൽ) | 70കൃഷിഭവനുകൾക്കു മായിആകെ ആവശ്യമായ തുക ലക്ഷത്തിൽ |
|---|---|---|---|
| 1, | ഓഡിറ്റ് ടീമംഗങ്ങൾക്കുള്ള ഓണറേറിയം(8 അംഗങ്ങൾക്ക് 2 മാസത്തേയ്ക്ക് @ Rs. 500/-per month) | **0.08000** | **5.60000** |
| 2, | സോഷ്യൽ ഓഡിറ്റ് ഫോം പ്രിന്റ് ചെയ്യൽ, റിപ്പോർട്ട് തയ്യാറാക്കൽ മുതലായവയ്ക്ക് ആവശ്യമായ തുക | **0.02750** | **1.92500** |
| 3, | Elams | | **0.42500** |
| 4, | ഹെഡ്ക്വാർട്ടർ ചെലവുകൾ | | **0.05000** |
| | **ആകെ** | **0.10750** | **8.0000** |

ഒരു കൃഷിഭവനു സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് 10750/ രൂപ ലഭിക്കുന്നതായിരിക്കും

സംസ്ഥാനതലത്തിൽ കൃഷി അഡിഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) ആയിരിക്കും പദ്ധതിയുടെ മോണിറ്ററിങ് നടത്തേണ്ടത്. ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കായിരിക്കും പദ്ധതി നടത്തിപ്പിന്റെ ചുമതല . DD E&T പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട നടപടി സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് യഥാസമയം പ്രിൻസിപ്പൽ കൃഷി ഓഫീസർ അയക്കേണ്ടതാണ്

Dr ADEELA ABDULLA IAS

DIRECTOR

## അനുബന്ധം -1

**കൃഷി ഭവനിൽ നിന്നുള്ള വിവരശേഖരണം**

| ക്രമ.നമ. | മാനദണ്ഡങ്ങൾ | റിമാർക്ക്സ് |
|---|---|---|
| I | **കൃഷിഭവനുകളിലെ അടിസ്ഥാന വിവര ലഭ്യത** | |
| 1. | കൃഷിഭവന്റെ അഡ്മിനിസ്ട്രേറ്റീവ് ജൂറിസ്ഡിക്ഷൻ വ്യക്തമാക്കുന്ന വാർഡ് തല ഭൂപടം ആലേഖനം ചെയ്തിട്ടുണ്ടോ ? | |
| 2 | കൃഷിഭവൻ പ്രദേശത്തിന്റെ ഭൂവിനിയോഗം സംബന്ധിച്ച് അപ്ഡേറ്റഡ് ഭൂപടം/അടിസ്ഥാന വിവര രജിസ്റ്റർ ലഭ്യമാണോ ? | |
| 3 | കൃഷി ഭവൻ പ്രദേശത്തിന്റെ വിള ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ ? | |
| 4 | കർഷക രജിസ്ട്രേഷനും, കൃഷിഭൂമി വിവരങ്ങളും അടങ്ങിയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ ? | |
| 5 | നെൽ വയൽ-തണ്ണീർത്തട ഡാറ്റാ ബാങ്ക് തയ്യാറാക്കിപ്രസിദ്ധീകരിച്ചിട്ടുണ്ടോ ? | |
| 6 | കൃഷിഭവൻ പ്രദേശത്തിന്റെ മണ്ണിന്റെ ഫലഭൂയിഷ്ഠി ഭൂപടം ലഭ്യമാക്കിയിട്ടുണ്ടോ ? | |
| 7 | കൃഷി ഭവൻ പ്രദേശത്തിലെ ജല വിഭവങ്ങളുടെഅടിസ്ഥാന വിവരശേഖരങ്ങളുടെ രജിസ്റ്റർ ലഭ്യമാണോ ? | |
| 8 | കൃഷി ഭവൻ പ്രദേശത്തിന്റെ നീർത്തട ഭൂപടം ലഭ്യമാണോ ? | |
| 9 | [illegible] | |

| | | |
|---|---|---|
| 9 | കാർഷിക മേഖലയുടെ നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ? | |
| 10 | കൃഷിഭവൻ പ്രദേശത്ത് വിത്ത്, നടീൽവസ്തുക്കൾ, വളം, കീടനാശിനി തുടങ്ങിയ കാർഷികോപാധികൾ ലഭിക്കുന്ന സ്വകാര്യ/സഹകരണ/സർക്കാർ സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാണോ ? | |
| **II** | **കൃഷിഭവനിലെ ഭരണ നിർവ്വഹണവും ബന്ധപ്പെട്ട വിഷയങ്ങളും** | |
| 1 | കൃഷിഭവന് സ്വന്തമായ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ടോ ? | |
| 2 | കൃഷിഭവനിലെ എല്ലാം അംഗീകൃത തസ്തികകളിലും നിലവിൽ ഉദ്യോഗസ്ഥരെ പൂർണമായി വിന്യസിച്ചിട്ടുണ്ടോ ? | |
| 3 | കൃഷി അസിസ്റ്റന്റുമാരുടെ നിയമനത്തിൽ അംഗീകൃത ജോബ് പ്രൊഫൈൽ അനുസരിച്ച് തന്നെയുള്ള നിയമനം പ്രാവർത്തികമാക്കിയിട്ടുണ്ടോ (എഎഒ/സീനിയർ എഎ : എഎ ഗ്രേഡ് 1 : എ എ ഗ്രേഡ് 2) | |
| 4 | അംഗീകൃത ജോബ് പ്രൊഫൈൽ പ്രകാരം കൃഷിഭവൻ ഹെഡ് ക്വാർട്ടർ ചുമതല നിശ്ചയിച്ച് നൽകുയിട്ടുണ്ടോ ? | |
| 5 | കൃഷി അസിസ്റ്റന്റുമാരുടെ ഫീൽഡ് സന്ദർശത്തിനുള്ള പ്രതിവാര ക്രമം തയ്യാറാക്കുകയും അതനുസരിച്ച് ഫീൽഡ് സന്ദർശനം സാധ്യമാക്കുകയും ചെയ്യുന്നുണ്ടോ ? | |
| 6 | കൃഷി അസിസ്റ്റന്റുമാരുടെ വർക്ക് ഡയറി കൃത്യമായി പരിശോധിക്കുന്നുണ്ടോ? | |
| 7 | സ്റ്റാഫ് മീറ്റിംഗ് ക്രമമായി കൂടുകയും അത് സംബന്ധിച്ച മിനുട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടോ ? | |
| 8 | കൃഷി ഓഫീസർമാർ വർക്ക് ഡയറി തയ്യാറാക്കി മേലധികാരിയിൽ | |

| | | |
|---|---|---|
| | നിന്നും അംഗീകാരം വാങ്ങി കൃഷിഭവനിൽ സൂക്ഷിക്കാറുണ്ടോ ? | |
| 9 | കൃഷി ഓഫീസർ ഫീൽഡ് സന്ദർശനത്തിനായി എല്ലാ ആഴ്ചയും നിർദ്ദിഷ്ട സമയം മാറ്റി വയ്ക്കുന്നുണ്ടോ ? | |
| 10 | മേലുദ്യോഗസ്ഥരുടെ കൃഷിഭവൻ സന്ദർശനവും പരിശോധനയും സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ ? | |
| 11 | കൃഷിവകുപ്പിന്റെ പദ്ധതികളിൽ നിന്നുള്ള സാമ്പത്തിക സഹായം ബാങ്കുകളിലൂടെ നേരിട്ട് കർഷകരിലെത്തിക്കുന്ന സംവിധാനം (DBT) ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ ? | |
| 12 | കൃഷി ഭവനിലെ ഭരണപരവും സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ളതുമായ താഴെ പറയുന്ന രജിസ്റ്ററുകൾ/റിക്കാർഡുകൾ എത്രമാത്രം കൃത്യമായാണ് സൂക്ഷിക്കപ്പെടുന്നത് ? അറ്റൻറൻസ് രജിസ്റ്റർ/മൂവ്മെന്റ് രജിസ്റ്റർ/കാഷൽ ലീവ് രജിസ്റ്റർ/ഓഫീസ് ഓർഡർ രജിസ്റ്റർ/തപാൽ രജിസ്റ്റർ/ഇൻപസ്പെക്ഷൻ രജിസ്റ്റർ/ഫയൽ രജിസ്റ്റർ/സെക്യൂരിറ്റി(വാല്യുബിൾ) രജിസ്റ്റർ/സ്കീം രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ/ഡിസ് ബേഴ്സ്മെന്റ് രജിസറ്റർ/ടി ആർ 5 രജിസ്റ്റർ /കാഷ് ബുക്ക് | |
| III | **പൊതുജന/കർഷക പങ്കാളിത്തവും സുതാര്യതയും** | |
| 1 | കാർഷിക വികസന സമിതി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ക്രമത്തിൽ കൃത്യമായി കൂടുന്നുണ്ടോ ? | |
| 2 | തെരഞ്ഞെടുക്കപ്പെട്ട പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ് കാർഷിക വികസന സമിതി ക്രമമായി പരിശോധിച്ച് സുതാര്യത ഉറപ്പാക്കുന്നുണ്ടോ? | |
| 3 | പദ്ധതി നടത്തിപ്പിനും പേരും അവർക്ക ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പ്രസിദ്ധപ്പെടുത്തുന്ന രീതി നിലവിലുണ്ടോ ? | |
| 4 | പദ്ധതി നടത്തിപ്പിനും കർഷകോന്നമനത്തിനുമായി രൂപീകരിച്ചിട്ടുള്ള | |

| | | |
|---|---|---|
| | കർഷക സമിതികൾ(പാടശേഖര സമിതി / കുരുമുളക് സമിതി/ഹരിത ഗ്രൂപ്പ് തുടങ്ങിയവ) പ്രവർത്തനക്ഷമമാണോ ? | |
| 5 | കർഷക സമിതികൾ(പാടശേഖര സമിതി / കുരുമുളക് സമിതി/ ഹരിത ഗ്രൂപ്പ് തുടങ്ങിയവ) തങ്ങളുടെ വാർഷിക പൊതുയോഗം കൃത്യമായി നടത്തി രേഖകൾ കൃഷിഭവനിൽ സമർപ്പിക്കുന്നുണ്ടോ ? | |
| 6 | കർഷകർക്ക് തങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുവാനായി കർഷക സന്ദർശന രജിസ്റ്റർ/എൻക്വയറി രജിസ്റ്റർ കൃഷി ഭവനിൽ ലഭ്യമാണോ ? | |
| 7 | കൃഷി ഭവനിൽ നിന്നും കർഷകർക്കുള്ള സേവനാവകാശങ്ങൾ, സംബന്ധിച്ച വിശദാംശങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ടോ? | |
| 8 | കൃഷി ഭവനിൽ നിന്നുള്ള അറിയിപ്പുകളും മറ്റു വിവരങ്ങളും കർഷകരിൽ എത്തിക്കുന്നതിന് വാട്സ് ആപ്പ് ഗ്രൂപ്പ്, നോട്ടീസ് ബോർഡ്, പത്ര വാർത്ത, FB പേജ് എന്നീ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോ ? | |
| Iv | **പ്രദേശിക സർക്കാർ ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) തല പദ്ധതികളുടെ നിർവ്വഹണം** | |
| 1. | പ്രദേശിക സർക്കാർ തല പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമ സഭകളുടെ മുൻഗണനാ ക്രമത്തിലുള്ള വികസന ശുപാർശകൾ ലഭ്യമായിരുന്നുവോ ? | |
| 2 | പദ്ധതി തയ്യാറാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പങ്കാളിത്തംഉറപ്പാക്കിയിട്ടുണ്ടോ ? | |
| 3 | പ്രദേശിക കൃഷി വികസന സാധ്യതകളെക്കുറിച്ചുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ ? | |
| 4 | പദ്ധതി രൂപരേഖ വികസന സെമിനാറിൽഅവതരിപ്പിച്ചിട്ടുണ്ടോ ? | |

| | | |
|---|---|---|
| | | |
| 5 | വികസന പദ്ധതികൾ അംഗീകാരത്തിനായി വിവിധ സാങ്കേതിക സമിതികളിൽ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമാണോ ? | |
| 6 | വികസന പദ്ധതികളുടെ ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പിന് മുൻഗണനാ മാനദണ്ഡങ്ങൾ നിർവചിച്ചിട്ടുണ്ടോ ? | |
| 7 | ഗ്രാമസഭകളുടെ നിർദ്ദേശനുസരണം ഏതെങ്കിലും പ്രത്യേക പദ്ധതികൾ തദ്ദേശഭരണ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ വർഷത്തിൽ പുതുതായി നടപ്പിലാക്കിയിട്ടുണ്ടോ ? വിശദ വിവരങ്ങൾ | |
| 8 | നൂതന സാങ്കേതിക വിദ്യ അവലംബിക്കുന്നതിതോ പ്രത്യേക ശ്രദ്ധ ലഭിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ? വിശദ വിവരങ്ങൾ | |
| V | **കൃഷി വകുപ്പിന്റെ നേരിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം** | |
| 1 | കൃഷി വകുപ്പിന്റെ സംസ്ഥാനവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ | |
| 2 | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ? | |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ | |
| 4 | വിള വിസ്തൃതി നിലവിലെ സ്ഥിതിയിൽ നിന്ന് വർദ്ധിച്ചിട്ടുണ്ടോ? | |
| 5 | സംസ്ഥാന / കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആകെ ഗുണഭോക്താക്കളിൽ സത്രീ ഗുണഭോക്താക്കൾക്ക് പ്രാതി നിധ്യം നൽകുയിട്ടുണ്ടോ ? | |
| 6 | സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ആകെ | |

| | | |
|---|---|---|
| | ഗുണഭോക്താക്കളിൽ സ്ത്രീ ഗുണഭോക്താക്കൾക്ക് പ്രാതിനിധ്യം നൽകിയിട്ടുണ്ടോ ? | |
| VI | **കൃഷി ഭവന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ** | |
| 1 | മുൻ വർഷം നടത്തി വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വർഷങ്ങൾ | |
| 2 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ മുഖാന്തിരം പ്രത്യക്ഷമായി ബന്ധപ്പെടുവാൻ കഴിഞ്ഞ കർഷകരുടെ എണ്ണം | |
| 3 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ മുഖാന്തിരം പരോക്ഷമായി ബന്ധപ്പെടുവാൻ കഴിഞ്ഞ കർഷകരുടെ എണ്ണം | |
| 4 | ആത്മ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രധാന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | |
| 5 | കൃഷി വകുപ്പ്, മറ്റ് പരിശീലന സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയ പരിശീലന പരിപാടികളിൽ കൃഷി ഓഫീസർ പങ്കെടുത്തവയുടെ വിവരങ്ങൾ | |
| 6 | കൃഷി വകുപ്പ് മറ്റ് പരിശീലന സ്ഥാപനങ്ങളും, നടപ്പിലാക്കിയ പരിശീലന പരിപാടികളിൽ കൃഷി അസിസ്റ്റന്റുമാർ പങ്കെടുത്തവയുടെ വിവരങ്ങൾ | |
| 6 | കൃഷി വകുപ്പ് മറ്റ് പരിശീലന സ്ഥാപനങ്ങളും നടപ്പിലാക്കിയ പരിശീലന പരിപാടികളിൽ കൃഷി അസിസ്റ്റന്റുമാർ പങ്കെടുത്തവയുടെ വിവരങ്ങൾ | |
| 7 | കൃഷി വകുപ്പ്, മറ്റ് പരിശീലന സ്ഥാപനങ്ങളും നടപ്പിലാക്കിയ പരിശീലന പരിപാടികളിൽ കൃഷി ഭവനിൽ നിന്നുമുള്ള കർഷകർ പങ്കെടുത്തതിന്റെ വിവരങ്ങൾ | |
| VII | **പുതിയ സാങ്കേതിക വിദ്യകളുടെ പ്രചാരണം** | |
| 1 | മുൻവർഷത്തിൽ പുതുതായി പ്രചരിപ്പിക്കപ്പെട്ട സാങ്കേതിക വിദ്യകളുടെ | |

| | | |
|---|---|---|
| [illegible] | [illegible] വിശദാംശങ്ങൾ | |
| 2 | മുൻ വർഷത്തിൽ പുതുതായി നടപ്പിലാക്കിയ പ്രദർശനത്തോട്ടങ്ങളുടെ വിശദാംശങ്ങൾ | |
| 3 | കാർഷിക സർവ്വകലാശാലയുടെ നേരിട്ടുള്ള വ:ിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | |
| 4 | മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | |
| **VIII** | **സാമൂഹ്യ മൂലധന സ്വരൂപണം** | |
| 1 | മുൻ വർഷം രൂപീകരിച്ച കർഷക സംഘങ്ങൾ / ഉല്പാദക സംഘങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ | |
| 2 | മുൻവർഷം കാർഷിക കർമ്മസേന / അഗ്രോ സർവ്വീസ് സെന്റെർ/ഇക്കോഷോപ്പ് തുടങ്ങിയവ പുതുതായി രൂപി കരിച്ചിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരങ്ങൾ | |
| 3 | മുൻ വർഷം പുതുതായി കൃഷിയോഗ്യമാക്കി മാറ്റിയ തരിശു ഭൂമിയുടെ വിശദാംശങ്ങൾ | |
| 4 | മുൻ വർഷം നെൽ വയൽ-തണ്ണീർത്തട പരിധിയിൽപ്പെടുത്തി പരിവർത്തനം തടഞ്ഞ കൃഷി ഭൂമിയുടെ വിശദാംശങ്ങൾ | |
| 5 | മുൻ വർഷം പ്രവർത്തനക്ഷമമായി നിലനിൽക്കുന്ന വിപണന സംഘങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | |
| 6 | കൃഷി ഭവൻ പരിധിയിൽ പുതുതായി നിർമ്മിക്കുകയോ. പുനരുജ്ജീവിപ്പിക്കുകയോ ചെയ്ത ജല സ്രോതസ്സുകളുടെ വിശദാംശങ്ങൾ | |
| 7 | മുൻ വർഷം കൃഷി ഭവന്റെ സഹായം ലഭിച്ച വനിത/പുരുഷ സ്വയം സഹായ സംഘങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | |

| | | |
|---|---|---|
| 8 | കാർഷിക വൃത്തിയിൽ തുടരുന്ന പരമ്പരാഗത കർഷക തൊഴിലാളികളെ നിലനിർത്തുവാനായി പ്രത്യേക ലേബർ ബാങ്കിന് രൂപം കൊടുത്തിട്ടുണ്ടോ ? വിശദാംശങ്ങൾ | |
| 9 | പരമ്പരാഗത അറിവുകൾ,ആധുനിക കൃഷി സമ്പ്രദായങ്ങൾ തുങ്ങിയവയിൽ പാടവം നേടിയിട്ടുള്ളവരുടെ കൂട്ടായ്മയ്ക്ക്(knoweldge Bank)രൂപം കൊടുത്തിട്ടുണ്ടോ ? വിശദാംശങ്ങൾ | |
| IX | **കാർഷിക യന്ത്രവൽക്കരണവും തൊഴിൽസേനയും** | |
| 1 | കൃഷി ഭവൻ പരിധിയിലെ പ്രധാന കാർഷിക വിളകൾക്ക് എത്രമാത്രം യന്ത്രവൽക്കരണം സാധ്യമായിട്ടുണ്ട് ? വിശദാംശങ്ങൾ എ) നെല്ല് ബി) തെങ്ങ് സി) മറ്റുവിളകൾ | |
| 2 | കൃഷി ഭവൻ പരിധിയിൽ ലഭ്യമായിട്ടുള്ള പ്രധാന കാർഷിക യന്ത്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | |
| 3 | അഗ്രോ സർവ്വീസ് സെന്റർ വഴിയോ മറ്റ് പദ്ധതികൾ വഴിയോ കൃഷി ഭവനിൽ നിന്നും കാർഷിക യന്ത്രങ്ങളുടെ സേവനം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ ? വിശദാംശങ്ങൾ | |
| 4 | കൃഷി ഭവൻ പരിധിയിൽ തൊഴിൽ സേനയുടെയോ നൈപുണ്യം നേടിയിട്ടുള്ള തൊഴിലാളികളുടെയോ സേവനം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ? വിശദാംശങ്ങൾ | |
| X | **സാമൂഹ്യ സുരക്ഷ/പൊതുസേവനം/പരാതി പരിഹാരം** | |
| 1 | AIMSപോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ എണ്ണം | |
| 2 | വിള ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കർഷകരുടെ എണ്ണം | |
| 3 | കാർഷിക ആവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ലഭ്യമായിട്ടുള്ള | |

| | | |
|---|---|---|
| | കർഷകരുടെ എണ്ണം | |
| 4 | കൃഷിഭവൻ തലത്തിൽ കർഷക പെൻഷൻ ലഭ്യമായിട്ടുള്ള കർഷകരുടെ എണ്ണം | |
| 5 | കൃഷിഭവൻ തലത്തിൽ പി എം കിസാൻ പദ്ധതിയിൽ പെൻഷൻ ലഭിക്കുന്ന കർഷകരുടെ എണ്ണം | |
| 6 | ജൈവ കൃഷി നടപ്പിലാക്കിയിട്ടുള്ള ഭൂവിസ്തൃതി/വിള വിസതൃതി | |
| 7 | കൃഷി ഭവൻ മേൽനോട്ടത്തിലും കർഷക കൂട്ടായ്മയിലും പ്രവർത്തന ക്ഷമമായിട്ടുള്ള ജൈവ വളം/ജൈവ കീടനാശിനി ഉല്പാദന യൂണിറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ | |
| 8 | കൃഷി ഭവൻ മേൽനോട്ടത്തിൽ പ്രവർത്തന ക്ഷമമായിട്ടുള്ള ഉല്പന്ന വിപണന കേന്ദ്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | |
| 9 | മുൻ വർഷത്തിൽ മണ്ണു പരിശോധന നടത്തിയ സാമ്പിളുകളുടെ എണ്ണം | |
| 10 | മുൻ വർഷത്തിൽ ഗുണ പരിശോധന നടത്തിയ രാസവള സാമ്പിളുകളുടെ എണ്ണം | |
| 11 | മുൻ വർഷത്തിൽ ഗുണപരിശോധന നടത്തിയ കീടനാശിനി സാമ്പിളുകളുടെ എണ്ണം | |
| 12 | മുൻ വർഷത്തിൽ പ്രശ്നപരിഹാരങ്ങൾക്കായി കൃഷി ഭവനിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | |
| 13 | മുൻ വർഷത്തിൽ തീർപ്പാക്കി അവസാനിപ്പിച്ച പരാതികളുടെ എണ്ണം | |
| 14 | മുൻ വർഷത്തിൽ വിവരാവകാശ നിയമപ്രകാരം കൈകാര്യം ചെയ്ത അപേക്ഷകളുടെ എണ്ണം | |
| 15 | കർഷകർ കൃഷി ഭവനിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ? | |

| | | |
|---|---|---|
| | | |
| 16 | കൃഷി ഭവൻ പരിധിയിലെ എത്ര കർഷകർക്ക് KCCലഭ്യമാക്കിയിട്ടുണ്ട് | |
| 17 | കൃഷി ഭവൻ മുഖേന എത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കിയിട്ടുണ്ട് ? | |
| 18 | കൃഷിഭവൻ പരിധിയിലെ എത്ര കാർഷികോല്പാദന ഉപാധികളുടെ ഡീലർമാർക്ക് ലൈസൻസ് / രജിസ്ട്രേഷൻ ഉറപ്പാക്കിയിട്ടുണ്ട് | |
| XI | **ജനപ്രതിനികളുടെ പങ്കാളിത്തവും ക്രിയാത്മക ഇടപെടലും** | |
| 1 | കൃഷിഭവന്റെ കാർഷിക വികസന പ്രവർത്തനങ്ങളിൽ നിയമ സഭാംഗം/ പാർലമെന്റ് അംഗം എന്നിവരുടെ ക്രിയാത്മക പങ്കാളിത്തം ഉണ്ടാകാറുണ്ടോ ? | |
| 2 | കൃഷിഭവന്റെ കാർഷിക വികസന പ്രവർത്തനങ്ങളിൽ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജനപ്രതിനിധികളുടെ നേതൃപരമായ പ്രവർത്തനം ലഭ്യമാകാറാണ്ടോ? | |
| 3 | എം.എൽ.എ./എം.പി മാരുടെ പ്രദേശിക വികസന ഫണ്ടിൽ നിന്നും കാർഷിക വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചിട്ടുണ്ടോ ? | |
| XII | **കൃഷി ഭവന്റെ പ്രവർത്തന മികവും അംഗീകാരങ്ങളും** | |
| 1 | മുൻ വർഷത്തിൽ കൃഷി ഭവന് ലഭിച്ചിട്ടുള്ള അവാർഡ് / അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ | |
| 2 | മുൻ വർഷത്തിൽ കർഷക സമിതികൾക്ക് ലഭിച്ച അവാർഡ് /അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ | |
| 3 | മുൻ വർഷത്തിൽ കർഷകർക്ക് ലഭിച്ച അവാർഡ്/ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ | |
| 4 | മുൻ വർഷത്തിൽ കൃഷി ഉദ്യോഗസ്ഥർക്ക് ലഭിച്ച അവാർഡ് / | |

| | | |
|---|---|---|
| | അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ | |

**അനുബന്ധം II**

**(ഗുണഭോക്താക്കൾ, കർഷകർ, കർഷക സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും അഭിപ്രായ ശേഖരണം )**

**പേര് :**

**മേൽവിലാസം :**

| ക്രമ നം. | | മാനദണ്ഡങ്ങൾ | റിമാർക്സ് |
|---|---|---|---|
| I | | **കൃഷിഭവനുകളുടെ അടിസ്ഥാന വിവര ലഭ്യത** | |
| | 1. | കൃഷിഭവനിൽ ക്രമമായി സന്ദർശനം നടത്താനും കൃഷിഭവൻ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും അവസരം ലഭിച്ചിട്ടുണ്ടോ? | |
| | 2. | കൃഷിഭവൻ പരിധിയിലുള്ള (ഗ്രാമ പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ) പ്രദേശത്തെ കർഷകർക്ക് കൃഷിഭവനിൽ നിന്നും വർക്കുന്ന വിവരങ്ങൾ എത്രമാത്രം തൃപ്തികരമാണ്? | |
| II | | **കൃഷിഭവന്റെ ഭരണനിർവ്വഹണവും ബന്ധപ്പെട്ട വിഷയങ്ങളും** | |
| | 1 | കൃഷിഭവന് അനുയോജ്യമായ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണോ? | |
| | 2 | കൃഷിഭവൻ ഓഫീസിന്റെ നിലവിലെ ഭരണ നിർവ്വഹണം തൃപ്തികരമാണോ? | |

| | | | |
|---|---|---|---|
| | 3 | കൃഷിഭവൻ ഉദ്യോഗസ്ഥതടെ കൂട്ടായിമ യോജിച്ചുള്ള പ്രവർത്തനങ്ങളും തൃപ്തികരമാണോ? | |
| | 4 | കൃഷി അസിസ്റ്റന്റുമാർ കൃഷി വിജ്ഞാന വ്യാപനത്തിനും പദ്ധതി നടത്തിപ്പിനുമായി ക്രമമായി കൃഷിയിടങ്ങൾ സന്ദർശിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ | |
| | 5 | കൃഷി ഓഫീസർ വിജ്ഞാനവ്യാപനത്തിനും പദ്ധതി നടത്തിപ്പിനുമായി നടത്തുന്ന ഫീൽഡ് സന്ദർശനം തൃപ്തികരമാണോ? | |
| | 6 | കൃഷിവകുപ്പിന്റെ പദ്ധതികളിൽ നിന്നുള്ള സാമ്പത്തിക സഹായം ബാങ്കുകളിലൂടെ നേരിട്ട് കർഷകരിലെത്തിക്കുന്ന സംവിധാനം (DBT) എത്രമാത്രം തൃപ്തികരമാണ്? | |
| III | | **പൊതുജന / കർഷക പങ്കാളിത്തവും സുതാര്യതയും** | |
| | 1 | കർഷകർക്ക് തങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുവാൻ കൃഷിഭവനിൽ അവസരം ഒരുക്കിയിട്ടുണ്ടോ? | |
| | 2 | കാർഷിക പദ്ധതികൾ സംബന്ധിച്ച് ഗ്രാമ സഭകളിലും മറ്റും വിശദമായി ചർച്ചകളും വിശകലനങ്ങളും തൃപ്തികരമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ? | |
| | 3 | കൃഷിഭവൻ പ്രവർത്തനങ്ങൾക്ക് സഹായകരമായ വിധത്തിൽ കാർഷിക വികസന സമിതികളുടെ പ്രവർത്തനം തൃപ്തികരമാണോ? | |

| | | | |
|---|---|---|---|
| | 4 | കാർഷിക പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായി രൂപവത്കരിക്ക പ്പെട്ടിട്ടുള്ള കർഷക സമിതികളുടെ പ്രവർത്തനം തൃപ്തികരമാണോ? | |
| | 5 | പദ്ധതി ഗുണഭോക്താക്കളുടെ പേരുവിവരങ്ങളും അവർക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങളും കൃഷിഭവനിലോ മറ്റ് കേന്ദ്രങ്ങളിലോ പരസ്യപ്പെടുത്തുന്നുണ്ടോ? | |
| | 6 | കൃഷിഭവനിൽ നിന്നും കർഷകർക്ക് കിട്ടേണ്ട സേവനാവകാശങ്ങളെ സംബന്ധിച്ചുള്ള കൃത്യമായ അറിവ് ലഭ്യമാണോ? | |
| IV | | **പ്രാദേശിക സർക്കാർ (ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ) തല പദ്ധതികളുടെ നിർവ്വഹണം** | |
| | 1 | പ്രാദേശിക കാർഷിക വികസന പദ്ധതി രൂപീകരണത്തിനായുള്ള ഗ്രാമസഭ,വികസന സെമിനാർ തുടങ്ങിയ പ്രക്രിയകളിൽ പങ്കെടുത്തിട്ടുണ്ടോ? | |
| | 2 | ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ രൂപംകൊടുത്ത് നടപ്പിലാക്കുന്ന കാർഷിക പദ്ധതികൾ പ്രദേശത്തിന്റെ സമഗ്ര കാർഷിക വികസനത്തിന് പര്യാപ്തമാണോ ? | |
| | 3 | പ്രാദേശിക കാർഷക വികസന പദ്ധതികളുടെ ഗുണഭോക്തൃ തെരെഞ്ഞെടുപ്പിന് നിശ്ചയിച്ചിട്ടുളള മാനദണ്ഡങ്ങൾ തൃപ്തികരമാണോ? | |

| | | | |
|---|---|---|---|
| | | | |
| | 4 | പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കർഷകർക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വേണ്ട പരിശീലനം ലഭ്യമായിട്ടുണ്ടോ? | |
| | 5 | പദ്ധതി രൂപീകരണം സംബന്ധിച്ച നിലവിലെ നടപടി ക്രമങ്ങൾ പ്രാദേശിക കാർഷിക വികസന പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് സഹായകരമാണോ? | |
| V | | **കൃഷിവകുപ്പിന്റെ നേരിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം** | |
| | 1 | കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളിൽ ഭാഗവാക്കായിട്ടുണ്ടോ? | |
| | 2 | കൃഷി വകുപ്പിന്റെ നേരിട്ടുള്ള പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെ ടുക്കുന്നതിന് കൃഷിഭവൻ പിന്തുടരുന്ന രീതികളും മാനദണ്ഡങ്ങളും തൃപ്തികരമാണോ? | |
| | 3 | കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ, അവയുടെ ചുവടെ ചേർ ക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിൽ എത്രമാത്രം പര്യാപ്തമാണ്? | |
| | | എ) വിളപരിപാലനവും സസ്യസംരക്ഷണവും | |
| | | ബി) ഉല്പാദന വർദ്ധനവ് | |
| | | സി) അടിസ്ഥാന സൗകര്യ വികസനം | |

| | | | |
|---|---|---|---|
| | | | |
| | | ഡി) വരുമാന വർദ്ധനവ് | |
| | | ഇ) സാമൂഹ്യ സുരക്ഷ | |
| VI | | **കൃഷിഭവൻ വഴിയുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ** | |
| | 1 | കൃഷിഭവൻ ഉദ്യോഗസ്ഥരിൽ നിന്നും കൃഷിയുമായി ബന്ധപ്പെട്ട ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക ജ്ഞാനം നേടുന്നതിന് അവസരം ലഭിച്ചിട്ടുണ്ടോ? | |
| | 2 | കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന ആത്മ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഭാഗവാക്കായിട്ടുണ്ടോ? | |
| | 3 | മുൻ വർഷത്തിൽ കൃഷിഭവൻ സംഘടിപ്പിച്ച ഏതെങ്കിലും പരിശീലന പരിപാടിയിലോ സെമിനാറിലോ ശില്പശാലയിലോ, പഠനയാത്രയിലോ പങ്കെടുത്തിട്ടുണ്ടോ? | |
| | 4 | മുൻ വർഷത്തിൽ കൃഷിഭവൻ മുഖേന ഏതെങ്കിലും പരിശീലന കേന്ദ്രത്തിൽ നടന്നിട്ടുള്ള കർഷക പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുണ്ടോ? | |
| | 5 | കൃഷിയുടെ സാങ്കേതിക ജ്ഞാനം പകർന്നു കിട്ടുവാനും സംശയ നിവാരണത്തിനും കൃഷിഭവൻ ഉദ്യോഗസ്ഥരിൽ നിന്നും നിലവിൽ ലഭിക്കുന്ന സഹകരണം തൃപ്തികരമാണോ? | |
| VII | | **പുതിയ സാങ്കേതിക വിദ്യകളുടെ പ്രചാരണം** | |

| | | | |
|---|---|---|---|
| | | | |
| | 1 | മുൻ വർഷത്തിൽ കൃഷിഭവൻ മുഖേന പുതുതായി പ്രചരിപ്പിക്കപ്പെട്ടതോ നടപ്പിലാക്കിയതോ ആയ ഏതെങ്കിലും നൂതന സാങ്കേതിക വിദ്യ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | |
| | 2 | മുൻ വർഷത്തിൽ കാർഷിക സർവ്വകലാശാലയോ മറ്റു ഗവേഷണ സ്ഥാപനങ്ങളോ പ്രാദേശികമായി നടപ്പിലാക്കിയ ഏതെങ്കിലും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളോ നൂതന കൃഷി സമ്പ്രദായങ്ങളോ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | |
| | 3 | കൃഷിയിലെ നൂതന സാങ്കേതിക വിദ്യകളുടെ പ്രചാരണത്തിന് കൃഷിഭവൻ മുഖേന നിലവിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ തൃപ്തികരമാണോ ? | |
| VIII | | **സാമൂഹ്യ മൂലധന സ്വരൂപണം** | |
| | 1 | കർഷക ഉന്നമനത്തിനായി കൃഷിഭവൻ മുഖേന രൂപവത്കരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കർഷക സമിതിയിൽ (പാടശേഖര സമിതി / കുരുമുളക് സമിതി / ഹരിത ഗ്രൂപ്പ് തുടങ്ങിയവ) അംഗമാണോ? | |
| | 2 | കൃഷിഭവൻ പരിധിയിൽ ചുവടെ ചേർത്തിട്ടുള്ള ഏതെങ്കിലും കർഷക കൂട്ടായ്മ ഫലപ്രദമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |
| | | എ) വിപണന കേന്ദ്രങ്ങൾ | |
| | | ബി) പരമ്പരാഗത കർഷക / | |

| | | | |
|---|---|---|---|
| | | കർഷകത്തൊഴിലാളി കൂട്ടായ്മ | |
| | | (സി) ജൈവ കർഷക കൂട്ടായ്മ | |
| | 3 | കൃഷിഭവൻ പരിധിയിൽ വർഷങ്ങളായി തരിശായിക്കിടന്ന ഏതെങ്കിലും പ്രദേശം കൃഷി യോഗ്യമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |
| | 4 | നെൽവയൽ-തണ്ണീർത്തട പരിധിയിൽപ്പെടുത്തി കൃഷി ഭൂമി പരിവർത്തനം ചെയ്യുന്നത് തടയുന്നതിന് കൃഷി ഭവൻ കൈക്കൊണ്ടിട്ടുള്ള ഏതെങ്കിലും നടപടി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ? | |
| | 5 | തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിലും നെൽവയൽ-തണ്ണീർത്തട സംരക്ഷണത്തിലും കൃഷിഭവന്റെ പ്രവർത്തനം എത്രമാത്രം തൃപ്തികരമാണ്? | |
| IX | | **കാർഷിക യന്ത്രവൽക്കരണവും തൊഴിൽസേനയും** | |
| | 1 | കൃഷിഭവൻ പരിധിയിൽ അഗ്രോ സർവ്വീസ് സെന്റർ / കാർഷിക കർമ്മസേന പ്രവർത്തനം നടക്കുന്നതായോ അവയുടെ സേവനം കർഷകർ ക്ക് ലഭിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |
| | 2 | പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് ആവശ്യമായ ഏതെങ്കിലും യന്ത്രസഹായം നേരിട്ട് ലഭ്യമായിട്ടുണ്ടോ? | |
| | a | നെല്ല് | |

| | | | |
|---|---|---|---|
| | b | തെങ്ങ് | |
| | c | മറ്റുള്ളവ | |
| | 3 | കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും തൊഴിൽ സേനയുടെ സേവനം ലഭ്യമായിട്ടുണ്ടോ ? | |
| X | | **സാമൂഹ്യ സുരക്ഷ/പൊതുസേവനം/പരാതി പരിഹാരം** | |
| | 1 | കൃഷി ഭവൻ മുഖേനയുള്ള AIMS പോർട്ടലിലെ കർഷക രജിസ്ട്രേഷനിൽ പേര് ചേർക്കപ്പെട്ടിട്ടുണ്ടോ ? | |
| | 2 | കൃഷി ഭവൻ മുഖേനയുള്ള വിള ഇൻഷുറൻസ് പദ്ധതി യിൽ പങ്കുചേർന്നിട്ടുണ്ടോ ? | |
| | 3 | ജൈവ കൃഷി പ്രോത്സാഹനത്തിനായി കൃഷി ഭവൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ തൃപ്തികരമാണോ ? | |
| | 4 | കൃഷി ഭവൻ പരിധിയിൽ കർഷക കൂട്ടായ്മയിലൂടെ ഏതെങ്കിലും ജൈവ വള / ജൈവ കീടനാശിനി ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | |
| | 5 | കൃഷി ഭവൻ മുഖേന കൃഷിയിടത്തിലെ മണ്ണുപരിശോധന നടത്തിയിട്ടുണ്ടോ ? | |
| | 6 | കൃഷി ഭവൻ മുഖേന സോയിൽ ഹെൽത്ത് കാർഡ് ലഭ്യമായിട്ടുണ്ടോ ? | |
| | 7 | [illegible] | |

| | | | |
|---|---|---|---|
| | 7 | കൃഷി ഭവനിൽ നിന്ന് നേരിട്ട് വിത്തോ നടീൽ വസ്തുക്കളോ ലഭ്യമാവുന്നുണ്ടോ ? | |
| | 8 | കൃഷി ഭവൻ പരിധിയിൽപ്പെട്ട ഡിപ്പോകളിലൂടെ വളം, കീടനാശിനി എന്നിവ യഥാസമയം ലഭ്യമാവുന്നുണ്ടോ ? | |
| | 9 | വ്യക്തിഗതമോ അല്ലാതെയോ ഉള്ള പരാതികളിൻമേൽ കൃഷി ഭവൻ കൈക്കൊള്ളുന്ന തുടർ നടപടിക്രമങ്ങൾ തൃപ്തികരമാണോ? | |
| XI | | **കൃഷിഭവന്റെ പ്രവർത്തനമികവിനെ പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ** | |
| | 1 | നയപരമായ ഏതെങ്കിലും ഘടകങ്ങൾ പ്രവർത്തന മികവിനെ ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തുക. | |
| | | എ) | |
| | | ബി) | |
| | | സി) | |
| | 2 | ഭരണപരമായ ഏതെങ്കിലും ഘടകങ്ങൾ പ്രവർത്തന മികവിനെ ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തുക. | |
| | | എ) | |
| | | ബി) | |
| | | സി) | |

| | | | |
|---|---|---|---|
| | 3 | പദ്ധതി ആസൂത്രണവും നടത്തിപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും ഘടകങ്ങൾ പ്രവർത്തന മികവിനെ ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തുക. | |
| | | എ) | |
| | | ബി) | |
| | | സി) | |
| | 4 | മറ്റേതെങ്കിലും ഘടകങ്ങൾ ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തുക. | |
| | | എ) | |
| | | ബി) | |
| | | സി) | |

| XII | **കൃഷി ഭവൻ പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം എങ്ങനെയായിരിക്കണം** | | | |
|---|---|---|---|---|
| | ഘടകങ്ങൾ | നിലവിലെ മുൻഗണനാക്രമം | നിർദ്ദേശിക്കുന്ന മുൻഗണനാക്രമം | റിമാർക്ക്സ് |
| 1 | പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം | | | |
| 2 | കൃഷിയിട സന്ദർശനവും സാങ്കേതിക വിജ്ഞാന വ്യാപനവും | | | |
| 3 | പൊതുജന പങ്കാളിത്തവും സുതാര്യതയും | | | |
| 4 | സാമൂഹ്യ സുരക്ഷ സഹായം (പെൻഷൻ, പ്രകൃതിക്ഷോഭ ദുരിതാശ്വാസം, വിള ഇൻഷുറൻസ് തുടങ്ങിയവ) | | | |
| 5 | കർഷക തൊഴിലാളികളെ ലഭ്യമാക്കൽ | | | |
| 6 | ഗുണനിലവാരമുള്ള | | | |

| | | | | |
|---|---|---|---|---|
| | ഉല്പാദനോപാധികൾ ലഭ്യമാക്കൽ (വിത്ത്, വളം, കീടനാശിനി തുടങ്ങിയവ) | | | |
| 7 | സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പ്രായോഗിക സഹായങ്ങൾ | | | |
| 8 | ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സൗകര്യം ഒരുക്കൽ | | | |
| 9 | കാർഷിക യന്ത്രവല്ക്കരണത്തിനുള്ള പ്രായോഗിക സഹായം | | | |
| 10 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ സഹായം ലഭ്യമാക്കൽ | | | |
| | **(ആവശ്യമെങ്കിൽ കൂടുതൽ ഘടകങ്ങൾ ഉൾപ്പെടുത്തി മുൻഗണനാ ക്രമം നിശ്ചയിക്കാവുന്നതാണ് )** | | | |

| | | | |
|---|---|---|---|
| XIII | | **കൃഷി ഭവന്റെ പ്രവർത്തന മികവും അംഗീകാരവും** | |
| | 1 | മുൻ വർഷത്തിലെ കൃഷി ഭവൻ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു ?<br><br>എ) കൃഷി ഭവന്റെ പൊതുവായുള്ള പ്രവർത്തനങ്ങൾ<br><br>ബി) കൃഷി ഓഫീസറുടെ പൊതുവായുള്ള പ്രവർത്തനങ്ങൾ<br><br>(സി) കൃഷി അസിസ്റ്റൻ്ററമാരുടെ പൊതുവായുള്ള പ്രവർത്തനങ്ങൾ<br><br>ഡി) കർഷക സമിതികളുടെ പൊതുവായ പ്രവർത്തനങ്ങൾ<br><br>ഇ) പ്രാദേശിക സർക്കാരിന്റെ (ഗ്രാമ പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ) കൃഷി മേഖലയിലെ ഇടപെടൽ / പ്രവർത്തനങ്ങൾ | |

**അനുബന്ധം - III**

**(സോഷ്യൽ ആഡിറ്റിനായി തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക പദ്ധതികളുടെ അവലോകനം )**

**മാതൃകാ പദ്ധതി**

2022-23ലെ പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ മട്ടുപ്പാവ് പച്ചക്കറി കൃഷി ,ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വാണിജ്യ പച്ചക്കറി കൃഷി എന്നീ ഘടകങ്ങളുടെ വിലയിരുത്തൽ.

**ഭാഗം I: കൃഷി ഭവനിൽ നിന്നും നേരിട്ടുള്ള വിവര ശേഖരണം.**

| ക്രമ നം. | | മാനദണ്ഡങ്ങൾ | റിമാർക്ക്സ് |
|---|---|---|---|
| I | | **പൊതുവിവരങ്ങൾ** | |
| | 1 | പഞ്ചായത്തിലെ മൊത്തം പച്ചക്കറി കൃഷിയുടെ വ്യാപ്തി | |
| | 2 | പഞ്ചായത്തിലെ പ്രധാനപ്പെട്ട പച്ചക്കറി വിളകളും വിസ്തൃതിയും | |
| | | എ) | |
| | | ബി) | |
| | | സി) | |
| | 3 | പച്ചക്കറി കർഷകരുടെ എണ്ണം | |
| | 4 | പച്ചക്കറി ക്ലസ്റ്റർ എണ്ണം | |

| | | | |
|---|---|---|---|
| | 5 | സർക്കാർ / സഹകരണ / കർഷക വിപണി ലഭ്യമാണോ? വിശദാംശങ്ങൾ | |
| II | | **പദ്ധതിയുടെ ഭൗതിക സാമ്പത്തിക ലക്ഷ്യവും നേട്ടവും** | |
| | 1 | 2022-23 മട്ടുപ്പാവ് പച്ചക്കറി കൃഷിയുടെ ലക്ഷ്യമിട്ട കർഷകരുടെ /പദ്ധതിയുടെ ഭൗതിക-സാമ്പത്തിക ലക്ഷ്യവും, നേട്ടവും സംബന്ധിച്ച വിശദാംശങ്ങൾ | |
| | 2 | ചട്ടിയിൽ കൃഷി, വെർട്ടിക്കൽ ഗാർഡൻ,ഹൈഡ്രോപോണിക്സ് എന്നി ഘടകങ്ങളിൽ ലക്ഷ്യമിട്ട കർഷകരുടെ /പദ്ധതിയുടെ ഭൗതിക-സാമ്പത്തിക ലക്ഷ്യവും, നേട്ടവും സംബന്ധിച്ച വിശദാംശങ്ങൾ | |
| | 3 | പച്ചക്കറി ക്ലസ്റ്റർ പദ്ധതിയുടെ ഭൗതിക സാമ്പതത്ിക ലക്ഷ്യവും നേട്ടവും സംബന്ധിച്ച വിശദാംശങ്ങൾ | |
| | 4 | ക്ലസ്റ്റർ,സ്റ്റാഗെർഡ് എന്നിവയിൽ പന്തലിൽ /പന്തലിൽ അല്ലാത്തത് എന്നിവ ഘടകം തിരിച്ചുള്ള ഭൗതിക സാമ്പതത്ിക ലക്ഷ്യവും നേട്ടവും സംബന്ധിച്ച വിശദാംശങ്ങൾ | |
| III | | **പദ്ധതി ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ** | |
| | 1 | പദ്ധതിയുടെ വ്യക്തിഗത ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പിന് കാർഷിക വികസന സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ടോ ? | |

| | | | |
|---|---|---|---|
| | | | |
| | 2 | പദ്ധതിയുടെ വ്യക്തിഗത ഗുണഭോക്താക്കളുടെ വിശദമായ വിവരങ്ങൾ - (ആകെ/സ്ത്രീകൾ/പട്ടികജാതി-വർഗ്ഗം) | |
| | | എ) പുതുതായി മട്ടുപ്പാവ് പച്ചക്കറി ആരംഭിച്ച കർഷകരെ സംബന്ധിച്ച വിവരങ്ങൾ | |
| | | ബി) മുൻവർഷം നടപ്പിലാക്കിയ ഗ്രോബാഗ് പച്ചക്കറി കൃഷിക്കാരിൽ തുടർന്നും മട്ടുപ്പാവ് കൃഷി നടത്തുന്ന കർഷകരുടെ വിവരങ്ങൾ. | |
| | 3 | പച്ചക്കറി ക്ലസ്റ്ററിൽ ചേർന്ന കർഷകരുടെ വിവരങ്ങൾ | |
| IV | | **പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ** | |
| | 1 | നടീൽ വസ്തുക്കൾ ഉൾപ്പെടെയഥാസമയം ( വിള സീസണിൽ ) ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ? | |
| | 2 | വിതരണത്തിനു മുമ്പ് കണ്ടെയ്നർ സാമ്പിൾ ഗുണ പരിശോധന നടത്തിയിട്ടുണ്ടോ ? | |
| | 3 | കണ്ടെയ്നർ ,നടീൽ വസ്തുക്കളും ഏത് അംഗീകൃത ഏജൻസിയിൽ നിന്നാണ് ലഭ്യമാക്കിയത് ? വിശദാംശങ്ങൾ | |
| | 4 | ശാസ്ത്രീത കൃഷിമുറകളെ സംബന്ധിച്ച ലിഫ് ലെറ്റ് ബുക്ക് ലെറ്റ് | |

| | | | |
|---|---|---|---|
| | | ലഭ്യമാക്കിയിട്ടുണ്ടോ ? | |
| | 5 | സസ്യസംരക്ഷണൺ തുടങ്ങയി കാര്യങ്ങളിൽ ച്ർച്ചാ ക്ലാസ്സുകളോ സെമിനാറുകളോ സംഘടിപ്പിച്ചിട്ടുണ്ടോ ? | |
| | 6 | കാർഷിക സർവ്വകലാശാലകുളുടെയോ മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെയോ എന്തെങ്കിലും വിധത്തിലുള്ള സാങ്കേതിക സഹായം ലഭ്യമായിട്ടുണ്ടോ ? | |
| | 7 | അഗ്രോ സർവ്വീസ് സെന്റെർ/തൊഴിൽ സേന തുടങ്ങിയവയുടെ സഹായം പദ്ധതി ഗുണഭോക്താക്കൾക്ക് എതെങ്കിലും വിധത്തിൽ ലഭ്യമാക്കിയിട്ടുണ്ടോ ? വിശദാംശങ്ങൾ | |
| | 8 | ഗുണഭോക്തൃ കർഷകരെ സന്ദർശിക്കുന്നതിന് കൃഷി അസിസ്റ്റന്റ്മാരുടെ കൃത്യമായ ഷെഡ്യൂൾ തയ്യാറാക്കുകയും സന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ടോ ? | |
| | 9 | ക്ലസ്റ്റർ ഗ്രൂപ്പ് രൂപീകരിക്കുന്നതിന്റെ ഭാഗമായി എത്ര മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട് ? വിശദ വിവരങ്ങൾ | |
| V | | **പദ്ധതി നേട്ടങ്ങളും സാമൂഹ്യ-സാമ്പത്തിക പ്രഭാവവും** | |
| | 1 | മട്ടുപ്പാവ് പച്ചക്കറി പദ്ധതി പ്രകാരം 2022-23,23-24 ൽ എത്രമാത്രം പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് | |
| | | എ) ആകെ അളവ് | |

| | | | |
|---|---|---|---|
| | | | |
| | | ബി) പഞ്ചായത്തിലെ മൊത്തം ഉല്പാദനത്തിലെ എത്ര ശതമാനം | |
| | | സി) മൂല്യം/വില | |
| | 2 | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വാണിജ്യ പച്ചക്കറി കൃഷിപദ്ധതി പ്രകാരം അധികമായി എത്രമാത്രം പച്ചക്കറി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? | |
| | | എ) ആകെ അളവ് | |
| | | ബി) പഞ്ചായത്തിലെ മൊത്തം ഉല്പാദനത്തിലെ എത്ര ശതമാനം | |
| | 3 | പദ്ധതി പ്രകാരം പുതുതായി എത്രപേർ പച്ചക്കറി കൃഷിയിൽ തൽപരരായിട്ടുണ്ട്. | |
| | 4 | പദ്ധതി നടത്തിപ്പ് മൂലം ഉണ്ടായിട്ടുള്ള മറ്റ് നേട്ടങ്ങൾ എന്തൊക്കെ ? | |

| | | | |
|---|---|---|---|
| | 5 | പച്ചക്കറി ക്ലസ്റ്ററിൽ ഗ്രേഡ് 1 നേടി ,രണ്ടാം വിളക്കും ആനുകൂല്യം നേടിയ ക്ലസ്റ്റർ വിവരങ്ങൾ | |
| | 6 | പച്ചക്കറി കൃഷിയിൽ വനിതാ ,യുവജനങ്ങളുടെ പ്രാതിനിധ്യം | |
| | 7 | തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി നടത്തിയ വിവരങ്ങൾ | |
| | 8 | സ്വകാര്യ /പൊതു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി നടത്തിയ വിവരം | |

**ഭാഗം II : ഗുണഭോക്താക്കൾ / കർഷക സമിതികൾ തുടങ്ങിയവരിൽ നിന്ന് നേരിട്ടുള്ള വിവര ശേഖരണം**

| | മാനദണ്ഡങ്ങൾ | റിമാർക്ക്സ് |
|---|---|---|
| 1 | മട്ടുപ്പാവ് പച്ചക്കറി കൃഷിക്ക് ആവശ്യമായ കണ്ടെയ്നർ (നടീൽ വസ്തുക്കൾ | |

| | | |
|---|---|---|
| | ഉൾപ്പെടെ) അനുയോജ്യമായ വിള സീസണിൽ തന്നെ ലഭ്യമായോ ? | |
| 2 | ഉല്പാദനാപാധികളുടെ ഗുണനിലവാരം തൃപതികരമായിരുന്നുവോ ? | |
| 3 | ചട്ടി കൾക്കൊപ്പം ശാസ്ത്രീയ കൃഷി മുറകളെ സംബന്ധിച്ച ലീഫ് ലൈറ്റ് ബുക്ക് ലെറ്റ് ലഭ്യമാക്കിയിരുന്നവോ ? | |
| 4 | കൃഷി ഭവന്റെ അഗ്രോ സർവ്വീസ് സെന്റർ കർമ്മസേന തുടങ്ങിയവയുടെ ഏതെങ്കിലും വിധത്തിലുള്ള സഹായം ലഭ്യമാണോ ? | |
| 5 | പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി ഭവൻ സംഘടിപ്പിച്ച ഏതെങ്കിലും പരിശീലന പരിപാടിയിൽ പങ്കെടുത്തുവോ ? | |
| 6 | പദ്ധതി കാലയളവിൽ കൃഷി അസിസ്റ്റന്റിന്റെ കൃഷിയിട സന്ദർശനം തൃപ്തികരമായിരുന്നവോ? | |
| 7 | കൃഷി ഓഫീസറോ കൃഷി വകുപ്പിലെ മേലുദ്യോഗസ്ഥരോ കൃഷിയിടം സന്ദർശിച്ചിട്ടുണ്ടോ ? | |
| 8 | കൃഷി ഉദ്യോഗസ്ഥരിൽ നിന്നും പച്ചക്കറികളുടെ കീട-രോഗ നിയന്ത്രണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ യഥാസമയം സാങ്കേതിക ഉപദേശം ലഭിച്ചുവോ ? | |
| 9 | കാർഷിക സർവ്വകലാശാലകളുടെയോ മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെയോ എന്തെങ്കിലും വിധത്തിലുള്ള സാങ്കേതിക സഹായം ലഭ്യമായിട്ടുണ്ടോ | |
| 10 | പദ്ധതിയുടെ സാമ്പത്തിക സഹായം സംബന്ധിച്ച വ്യക്തമായ ധാരണ ഉണ്ടായിരുന്നോ ? വിശദാംശങ്ങൾ | |
| 11 | പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം പൂർണ്ണമായും ലഭിച്ചുവോ ? വിശദാംശങ്ങൾ | |
| 12 | പന്തൽ /പന്തലിൽ അല്ലാത്ത കൃഷി എന്നിവക്ക് പ്രത്യേക ആനുകൂല്യം ഉള്ള വിവരം അറിയുമോ ? | |

| | | |
|---|---|---|
| | | |
| 13 | പച്ചക്കറികളുടെ വിപണനം പ്രാദേശികമായി സാധിച്ചിട്ടുണ്ടോ ? | |
| 14 | വിപണന സമയത്തു മതിയായ വില ലഭ്യമായിട്ടുണ്ടോ? | |
| 15 | പ്രാദേശികമായിആവശ്യമുള്ളത്തിന്റെ ഏത്ര അളവ് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ? | |
| 16 | പച്ചക്കറികൃഷിയിൽ നൂതന കൃഷി അറിവുകൾ ലഭ്യമായിട്ടുണ്ടോ (കൃത്യതാകൃഷി ,ഹൈഡ്രോപോണിക്സ് ) | |
| 17 | ഉല്പാദനോപാധികൾ സമയത്തിന് ലഭ്യമായിട്ടുണ്ടോ ? | |
| ക്രമ നമ്പർ 18, 19എന്നിവ സംബന്ധിച്ച് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നും കൂടി അഭിപ്രായം തേടേണ്ടതാണ്. | | |
| 18 | പദ്ധതി വിജയത്തിന് ഏറ്റവും സഹായകയമായി മാറിയ പ്രധാനപ്പെച്ച ഘടകം/ഘടകങ്ങൾ ഏതൊക്കെയാണ് ? | |
| 19 | നയപരമോ ഭരണപരമോ ആസൂത്രണവുമായി ബന്ധപ്പെട്ടതോ മറ്റേതെങ്കിലും ഘടകങ്ങളോ പദ്ധതിയുടെ വിജയത്തിന് ദോഷകരമായി തീർന്നിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ | |
| | എ) | |
| | ബി) | |

**അനുബന്ധം IV**

**ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ/പൊതു സംവാദം**

| ക്രമ നമ്പർ | പങ്കെടുപ്പിക്കേണ്ട വിഭാഗങ്ങൾ | റിമാർക്ക്സ് |
|---|---|---|
| 1 | പ്രദേശിക ഭരണസമിതി / വികസന കാര്യം സ്ഥിരം സമിതി | |
| 2 | കാർഷിക വികസന സമിതി | |
| 3 | തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ | |
| 4 | കൃഷി ഭവൻ ഉദ്യോഗസ്ഥർ / ബ്ലോക്ക് അസിസ്റ്റന്റ് ഡയറക്ടർ / കൃഷി ഡെപ്യൂട്ടി ഡയറക്ടർ | |
| **വിഷയങ്ങൾ** | | |
| അനുബന്ധം 1, അനുബന്ധം II, അനുബന്ധം IIവിഭാഗങ്ങളില വിവരശേഖരണത്തിന് ശേഷം കൂടുതലായി വ്യക്തത നേടേണ്ട വിഷയങ്ങൾ ഇനം തിരിച്ച് ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷന് വേണ്ടി ഉൾപ്പെടുത്താവുന്നതാണ്. | | |
| 1 | കൃഷി വകുപ്പിന്റെ നേരിട്ടുള്ള പദ്ധതികളുടെ സാമൂഹ്യ സാമ്പത്തിക പ്രഭാവം സംബന്ധിച്ച വിലയിരുത്തൽ. | |
| 2 | പ്രദേശിക സർക്കാർ(ഗ്രമ പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) പദ്ധതികളുടെ സാമൂഹ്യ സാമ്പത്തിക പ്രഭാവം സംബന്ധിച്ച വിലയിരുത്തൽ. | |
| 3 | പദ്ധതി നടത്തിപ്പിനെ അനുകൂലമായും പ്രതികൂലമായും സ്വാധീനിച്ച ഘടകങ്ങൾ | |

| | | |
|---|---|---|
| 4 | 2022-23 ലെ കൃഷി ഭവന്റെ പൊതുവായ പ്രവർത്തനം | |
| 5 | കൃഷി ഭവൻ പ്രവർത്തനങ്ങളുടെ യോജിച്ച മുൻഗണനാക്രമം സംബന്ധി]ച്ച വിലയിരുത്തൽ | |
| 6 | കൃഷിഭവന്റെ പ്രവർത്തന മികവിനായുള്ള നിർദ്ദേശങ്ങൾ | |
| (കുറിപ്പ് :<br><br>തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയോ കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവയോ ആയ മറ്റ് മാതൃക പദ്ധതികളുടെ അവലോകനം ആവശ്യാനുസരണം അനുബന്ധം III ൽ കൂട്ടി ചേർക്കാവുന്നതാണ്.) | | |

Dr ADEELA ABDULLA IAS
DIRECTOR

ഉള്ളടക്കം: അനുബന്ധം I, II, III, IV

Signed by
Adeela Abdulla
Date: 25-09-2024 15:54:44

പകർപ്പ്:
1) എല്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർമാർക്കും
2) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
3) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ഓഫീസർ ബ്യൂറോ - പ്രചാരണം നൽകുന്നതിനായി
5) കൃഷി ഡയറക്ടറുടെ ടി.എ

6) ഐ.ടി.സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
7) എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
8) എല്ലാ കൃഷി ഓഫീസർമാർക്കും